# പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2449 — 18/02/2016 -ൽ മറുപടിക്ക്

## ഐരൂർ - പാറക്കടവ് ശുദ്ധജല പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. ജോസ് തെറ്റയിൽ | | ശ്രീ. പി.ജെ.ജോസഫ് (ജലവിഭവ വകുപ്പമന്ത്രി) |
| (എ) | അങ്കമാലി നിയോജകമണ്ഡലത്തിലെ പാറക്കടവ് ഗ്രാമപഞ്ചായത്തിലെ 6.10 കോടി രൂപ അനുവദിച്ചിട്ടുള്ള ഐരൂർ - പാറക്കടവ് ശുദ്ധജല പദ്ധതിയുടെ നിജസ്ഥിതി വ്യക്തമാക്കാമോ; | (എ) | പ്രസ്തുത പദ്ധതിയിൽ കുടിവെള്ള വിതരണത്തിനായി പൈപ്പ് ലൈൻ രണ്ട് മേഖലയിലായി (സോൺ-1, സോൺ-2) സ്ഥാപിക്കുന്നതും, 110 എച്ച്.പി യുടെ പമ്പ് സ്ഥാപിക്കുന്നതും ഉൾപ്പെടുന്നു.<br>ഒന്നാം മേഖലയുടെ (സോൺ-1) ടെണ്ടർ "deviation approval" സഹിതം പുനഃസമർപ്പിക്കുന്ന നടപടി ചീഫ് എഞ്ചിനീയർ തലത്തിൽ സ്വീകരിച്ചു വരുന്നു.<br>രണ്ടാം മേഖലയുടെ (സോൺ-2) ടെണ്ടറിനു 11/2/2016-ൽ അംഗീകാരം നൽകി. അതനുസരിച്ചുള്ള നടപടി ക്രമങ്ങൾ കേരള വാട്ടർ അതോറിറ്റിയിൽ നടത്തി വരുന്നു. |
| (ബി) | പ്രസ്തുത പ്രവർത്തികൾ ആരംഭിക്കുന്നതിലെ കാലതാമസത്തിന് കാരണം വിശദമാക്കാമോ; | (ബി) | റോഡ് കട്ടിംഗിന് അനുവാദം ലഭ്യമാകുന്ന മുറയ്ക്ക് പണികൾ ആരംഭിക്കുന്നതാണ്. |
| (സി) | പ്രസ്തുത പ്രവർത്തികൾ ആരംഭിക്കുന്നതിനായി പൂർത്തീകരിക്കേണ്ട നടപടി ക്രമങ്ങൾ എന്തെല്ലാമെന്നും പണി എന്നത്തേക്ക് ആരംഭിക്കാൻ സാധിക്കുമെന്നും വ്യക്തമാക്കാമോ? | (സി) | പ്രസ്തുത പദ്ധതിയുടെ രണ്ടാം മേഖലയിൽ (സോൺ-2) പ്രവൃത്തിക്കുള്ള സെലക്ഷൻ നോട്ടീസ് നൽകുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചു വരുന്നു. സെലക്ഷൻ നോട്ടീസ് നൽകിയാൽ, കരാറുകാരൻ 20 ദിവസത്തിനകം കേരള വാട്ടർ അതോറിറ്റിയുമായി ഉടമ്പടിയിൽ ഏർപ്പെട്ട് ഉടൻ തന്നെ പ്രവർത്തി ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

ISK/